**പതിനഞ്ചാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 932** **12-06-2024-ൽ മറുപടിയ്ക്ക്**

**<u>തിരുവമ്പാടിയിലെ ഇ.എസ്.എ.പ്രദേശങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ലിന്റോ ജോസഫ് ശ്രീ. വി. ഡി. സതീശൻ

ശ്രീ. ലിന്റോ ജോസഫ് (മുഖ്യമന്ത്രി)

**(എ)** ഇ.എസ്.എ. ആയി വിജ്ഞാപനം ചെയ്ത പ്രദേശങ്ങളുടെ കരട് പട്ടികയിൽ തിരുവമ്പാടി മണ്ഡലത്തിലെ വിവിധ വില്ലേജുകളിലെ ഏതൊക്കെ പ്രദേശങ്ങളുണ്ടെന്നും ആയതിന്റെ വിസ്തൃതി എത്രയാണെന്നും വിശദമാക്കുമോ;

**<u>മറുപടി:</u>** കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 6.7.2022-ലെ S.O.3072 (E) കരട് വിജ്ഞാപന പ്രകാരം ജില്ല, താലൂക്ക്, വില്ലേജ് അടിസ്ഥാനത്തിലാണ് ഇ.എസ്.എ. നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത വിജ്ഞാപനപ്രകാരം മണ്ഡലം അടിസ്ഥാനമാക്കിയല്ല ഇ.എസ്.എ. പ്രദേശങ്ങളുടെ വിവരങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത വിജ്ഞാപന പ്രകാരം കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, വടകര, കോഴിക്കോട് എന്നീ 3 താലൂക്കുകളിലായി 9 വില്ലേജുകൾ ഇ.എസ്.എ.-യിൽ ഉൾപ്പെട്ടിട്ടു ണ്ട്.

പ്രദേശത്തിന്റെ വിസ്തൃതി അനുബന്ധമായി അറ്റാച്ച് ചെയ്യുന്നു

**(ബി)** പ്രസ്തുത പട്ടിക ലഘൂകരിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്.

18.04.2022-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ESA സംസ്ഥാനങ്ങളുടെ നിർദ്ദേശങ്ങളും ശിപാർശകളും പരിശോധിക്കുന്നതിനായി ശ്രീ. സഞ്ജയ് കുമാർ IFS ( Rtd), മുൻ DGF&SS അദ്ധ്യക്ഷനായി നിയമിച്ച 6 അംഗ കമ്മിറ്റി 11.07.2022-ൽ സംസ്ഥാന ചീഫ് സെക്രട്ടറിയുമായി നടത്തിയ മീറ്റിംഗിൽ, സംസ്ഥാനത്തെ ESA ജനവാസ മേഖലകളും, കൃഷിയിടങ്ങളും ഒഴിവാക്കി വനപ്രദേശങ്ങളിൽ മാത്രമായി നിജപ്പെടുത്തണമെന്ന നിലപാട് വ്യക്തമാക്കിയിരുന്നു. സംസ്ഥാനത്തിന്റെ ESA-യുടെ സ്ഥലീയ രേഖകൾ (Shape files) ജില്ലാ തലത്തിൽ അപാകതകൾ പരിഹരിക്കുന്നതിൻന്റെ ഭാഗമായി 16.06.2018-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിച്ചിരുന്ന ESA Shape/ KML ഫയലുകൾ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിലെ GIS Cell പുനഃപരിശോധിച്ച് ജനവാസ പ്രദേശങ്ങളും കൃഷിയിടങ്ങളും ഒഴിവാക്കി കരട് Shape/Kml ഫയൽ തയ്യാറാക്കുകയും ആയതു എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ രൂപീകരിച്ച ജില്ലാതല പരിശോധന സമിതി പരിശോധിച്ച് ജനവാസ മേഖലകൾ, കൃഷിസ്ഥലങ്ങൾ എന്നിവ യാദൃശ്ചകമായി ഉൾപ്പെട്ടു വരുന്നുണ്ടോ എന്നതുൾപ്പെടെ വില്ലേജ് അതിർത്തികളും വനാതിർത്തികളും വിലയിരുത്തുകയുണ്ടായി.

നിലവിലെ സ്ഥിതി അനുസരിച്ച് വില്ലേജ് അതിർത്തികൾ, വനാതിർത്തികൾ, തുടങ്ങിയവ സ്ഥലപരിശോധന സഹിതം നടത്തി വേണ്ട മാറ്റങ്ങൾ നിർദ്ദേശിച്ചുകൊണ്ടുള്ള റിപ്പോർട്ട് അതാത് ജില്ലകളിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ട്. ടി നിർദ്ദേശങ്ങൾക്ക് അനുസരിച്ച്, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ് നിർദ്ധിഷ്ട ESA രേഖകളിൽ വേണ്ട മാറ്റങ്ങൾ വരുത്തി, പ്രസ്തുത രേഖകൾ പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും പൊതുജനാഭിപ്രായം കൂടി ശേഖരിച്ച് അന്തിമമാക്കുന്നതിനുമായി പഞ്ചായത്ത് പ്രിൻസിപ്പൽ ഡയറക്ടർക്ക് കൈമാറുകയുണ്ടായി.

പ്രസ്തുത രേഖകൾ ESA ഉൾപ്പെട്ടുവരുന്ന എല്ലാ പഞ്ചായത്തുകൾക്കും ബന്ധപ്പെട്ട പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ മുഖേന പൊതുജനങ്ങളുടെ നേരിട്ടുള്ള പരിശോധനയ്ക്കായി നല്കിയിട്ടുണ്ട്. കൂടാതെ ഈ രേഖകൾ, കരട് shape files സഹിതം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിന്റെ ഔദ്യോഗിക വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ESA വില്ലേജുകൾ ഉൾപ്പെടാത്ത ആലപ്പുഴ, കാസർഗോഡ് ജില്ലകൾ ഒഴികെ മറ്റ് ജില്ലകളിലെ ESA-യിൽ ഉൾപ്പെട്ടുവരുന്ന എല്ലാ പഞ്ചായത്തുകളിലെ ജനപ്രതിനിധികളെയും, ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി മെയ് മാസം 13 മുതൽ 25 വരെയുള്ള തീയതികളിൽ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിലെ സാങ്കേതിക പരിജ്ഞാനം ലഭിച്ച ഉദ്യോഗസ്ഥർ ചർച്ച നടത്തി ESA സംബന്ധി ച്ച വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. ടി ചർച്ചകളുടെ അടിസ്ഥാനത്തിൽ തനത് സ്ഥിതി അനുസരിച്ച് രേഖകളിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ ആയത് സഹിതം റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

**(സി)** ആയത് സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**മറുപടി:** ഉണ്ട്.

18.04.2022-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ESA സംസ്ഥാനങ്ങളുടെ നിർദ്ദേശങ്ങളും ശിപാർശകളും പരിശോധിക്കുന്നതിനായി ശ്രീ. സഞ്ജയ് കുമാർ IFS ( Rtd), മുൻ DGF&SS അദ്ധ്യക്ഷനായി നിയമിച്ച 6 അംഗ കമ്മിറ്റി 11.07.2022-ൽ സംസ്ഥാന ചീഫ് സെക്രട്ടറിയുമായി നടത്തിയ മീറ്റിംഗിൽ, സംസ്ഥാനത്തെ ESA ജനവാസ മേഖലകളും, കൃഷിയിടങ്ങളും ഒഴിവാക്കി വനപ്രദേശങ്ങളിൽ മാത്രമായി നിജപ്പെടുത്തണമെന്ന നിലപാട് വ്യക്തമാക്കിയിരുന്നു. സംസ്ഥാനത്തിന്റെ ESA-യുടെ സ്ഥലീയ രേഖകൾ (Shape files) ജില്ലാ തലത്തിൽ അപാകതകൾ പരിഹരിക്കുന്നതിൻന്റെ ഭാഗമായി 16.06.2018-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിച്ചിരുന്ന ESA Shape/ KML ഫയലുകൾ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിലെ GIS Cell പുനഃപരിശോധിച്ച് ജനവാസ പ്രദേശങ്ങളും കൃഷിയിടങ്ങളും ഒഴിവാക്കി കരട് Shape/Kml ഫയൽ തയ്യാറാക്കുകയും ആയതു എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ രൂപീകരിച്ച ജില്ലാതല പരിശോധന സമിതി പരിശോധിച്ച് ജനവാസ മേഖലകൾ, കൃഷിസ്ഥലങ്ങൾ എന്നിവ യാദൃശ്ചകമായി ഉൾപ്പെട്ടു വരുന്നുണ്ടോ എന്നതുൾപ്പെടെ വില്ലേജ് അതിർത്തികളും വനാതിർത്തികളും വിലയിരുത്തുകയുണ്ടായി.

നിലവിലെ സ്ഥിതി അനുസരിച്ച് വില്ലേജ് അതിർത്തികൾ, വനാതിർത്തികൾ, തുടങ്ങിയവ സ്ഥലപരിശോധന സഹിതം നടത്തി വേണ്ട മാറ്റങ്ങൾ നിർദ്ദേശിച്ചുകൊണ്ടുള്ള റിപ്പോർട്ട് അതാത് ജില്ലകളിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ട്. ടി നിർദ്ദേശങ്ങൾക്ക് അനുസരിച്ച്, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ് നിർദ്ധിഷ്ട ESA രേഖകളിൽ വേണ്ട മാറ്റങ്ങൾ വരുത്തി, പ്രസ്തുത രേഖകൾ

പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും പൊതുജനാഭിപ്രായം കൂടി ശേഖരിച്ച് അന്തിമമാക്കുന്നതിനുമായി പഞ്ചായത്ത് പ്രിൻസിപ്പൽ ഡയറക്ടർക്ക് കൈമാറുകയുണ്ടായി.

പ്രസ്തുത രേഖകൾ ESA ഉൾപ്പെട്ടുവരുന്ന എല്ലാ പഞ്ചായത്തുകൾക്കും ബന്ധപ്പെട്ട പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ മുഖേന പൊതുജനങ്ങളുടെ നേരിട്ടുള്ള പരിശോധനയ്ക്കായി നല്കിയിട്ടുണ്ട്. കൂടാതെ ഈ രേഖകൾ, കരട് shape files സഹിതം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിന്റെ ഔദ്യോഗിക വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ESA വില്ലേജുകൾ ഉൾപ്പെടാത്ത ആലപ്പുഴ, കാസർഗോഡ് ജില്ലകൾ ഒഴികെ മറ്റ് ജില്ലകളിലെ ESA-യിൽ ഉൾപ്പെട്ടുവരുന്ന എല്ലാ പഞ്ചായത്തുകളിലെ ജനപ്രതിനിധികളെയും, ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി മെയ് മാസം 13 മുതൽ 25 വരെയുള്ള തീയതികളിൽ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിലെ സാങ്കേതിക പരിജ്ഞാനം ലഭിച്ച ഉദ്യോഗസ്ഥർ ചർച്ച നടത്തി ESA സംബന്ധി ച്ച വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. ടി ചർച്ചകളുടെ അടിസ്ഥാനത്തിൽ തനത് സ്ഥിതി അനുസരിച്ച് രേഖകളിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ ആയത് സഹിതം റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

| ന ം . | ജില്ല | ജില്ല താലൂക്ക് | വില്ലേജ് | വില്ലേജ് എര്യാ (Sq.km) | ഇ.എസ്.എ (sq.km) |
|---|---|---|---|---|---|
| 1 | കോഴിക്കോട് | കോഴിക്കോട് | കെടവൂർ | 35.91 | 12.24 |
| 2 | കോഴിക്കോട് | കോഴിക്കോട് | കോടഞ്ചേരി | 26.49 | 5.86 |
| 3 | കോഴിക്കോട് | കോഴിക്കോട് | നെല്ലിപൊയിൽ | 33.31 | 22.44 |
| 4 | കോഴിക്കോട് | കോഴിക്കോട് | പുതുപ്പാടി | 50.23 | 30.50 |
| 5 | കോഴിക്കോട് | കോഴിക്കോട് | തിരുവമ്പാടി | 88.08 | 37.48 |
| 6 | കോഴിക്കോട് | കൊയിലാണ്ടി | ചക്കിട്ടപ്പാറ | 117.83 | 99.29 |
| 7 | കോഴിക്കോട് | കൊയിലാണ്ടി | ചെമ്പനോട | 51.93 | 32.99 |
| 8 | കോഴിക്കോട് | വടകര | കാവിലുമ്പാറ | 82.39 | 27.95 |
| 9 | കോഴിക്കോട് | വടകര | തിനൂർ | 30.05 | 9.40 |
| | | | **Total** | **516.22(Sq. km)** | **278.14(Sq. k m)** |